**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

## കോസ്റ്റൽ പോലീസിനെ ശക്തിപ്പെടുത്താൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*441    21/03/2018-ൽ മറുപടിക്ക്**

ചോദ്യം

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീ.എസ്.ശർമ്മ**
**ശ്രീ.കെ. ആൻസലൻ**
**ശ്രീ.എം. മുകേഷ്**

മറുപടി

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കോസ്റ്റൽ പോലീസിനെ ശക്തിപ്പെടുത്താൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കോസ്റ്റൽ പോലീസിനെ ശക്തിപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>തീരദേശ പോലീസ് സ്റ്റേഷനിലെ സേനാംഗങ്ങളേയും, യാനങ്ങളേയും ബോട്ട് പട്രോളിംഗിനും ബീറ്റ് പട്രോളിംഗിനും നിയോഗിക്കുവാൻ തീരദേശ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനിലെ പോലീസുകാരെ അടുത്ത പോലീസ് സ്റ്റേഷനുകളിലെ ക്രമസമാധാന ചുമതലയ്ക്കായി നിയോഗിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി, ജോയിന്റ് ഓപ്പറേഷൻ സെന്റർ, ഫിഷറീസ് വകുപ്പ് മുതലായ തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുള്ളതും ടി ഏജൻസികളുമായി നിരന്തരം ബന്ധപ്പെടുന്നത് ഊർജ്ജിതമാക്കിയിട്ടുള്ളതുമാണ്. ഡിസാസ്റ്റർ മാനേജ്മെന്റ്, കാലാവസ്ഥ പഠനവുമായി ബന്ധപ്പെട്ടുള്ള വകുപ്പുകൾ എന്നിവ നൽകുന്ന സന്ദേശങ്ങളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ തീരദേശ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർമാർക്ക് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.കോസ്റ്റൽ പോലീസ് ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഒരു ശുപാർശ പോലീസ് ആസ്ഥാനത്ത് തയ്യാറാക്കി വരുന്നു. കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്ക് 200 കോസ്റ്റൽ വാർഡൻമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജല കമാൻഡോകൾക്കുൾപ്പെടെ ട്രെയിനിംഗ് നൽകുന്നതിലേക്കായി "ട്രെയിനിംഗ് സെന്റർ ഫോർ ഓപ്പറേഷൻസ് ഇൻ വാട്ടർ ബോഡീസ്" ആരംഭിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. രണ്ടാം ഘട്ടത്തിൽ അനുവദിച്ച 10 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ 4 പോലീസ് സ്റ്റേഷനുകളുടെ (വടകര, ഇലത്തൂർ, അഞ്ചുതെങ്ങ്, പൂവാർ) ഉദ്ഘാടനം ഉടൻ തന്നെ നടത്തുന്നതാണ്. അതു കഴിഞ്ഞ് മൂന്നാം ഘട്ടത്തിലെ 6 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കോസ്റ്റൽ പോലീസ് ഐ.ജി.പി.യുടെ കീഴിൽ ഭരണച്ചുമതലയുള്ള കോസ്റ്റൽ ഡയറക്ടറേറ്റ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആസ്ഥാന മന്ദിരം പണിയുന്നതിനായി 3 കോടിയിൽപ്പരം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച 24 ബോട്ടുകളിൽ കേടായ 13 ബോട്ടുകൾ ശരിയാക്കുന്നതിന് കൊച്ചിൻ ഷിപ്പ്യാർഡ്, ഗോവ ഷിപ്പ്യാർഡ് അടക്കമുള്ള ചില ഏജൻസികളോട് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കോസ്റ്റൽ പോലീസിലേക്ക് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ നിന്നും പ്രത്യേക നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ | (ബി) | തീരപ്രദേശങ്ങളിൽ താമസിക്കുന്നവരെ ഉൾപ്പെടുത്തി ഒരു റിക്രൂട്ട്മെന്റ് നടത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br>ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് തീരദേശ പോലീസ് |

| | | | |
|---|---|---|---|
| | ആശ്രിതർക്ക് ഇത്തരത്തിൽ നിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | | സ്റ്റേഷനിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (സി) | പുതുതായി ആരംഭിച്ച കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടവും യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | തീരദേശ സുരക്ഷാ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 8 തീരദേശ പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ച് പ്രവർത്തിച്ചുവരുന്നത്. രണ്ടാം ഘട്ടത്തിൽ അനുവദിച്ചു കിട്ടിയ 10 തീരദേശ പോലീസ് സ്റ്റേഷനുകളിൽ 6 എണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 4 സ്റ്റേഷനുകളുടെ ഉദ്ഘാടനം ഉടൻ നടത്തുന്നതാണ്. മൂന്നാം ഘട്ടത്തിൽ അനുവദിച്ച 6 സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള ഭൂമി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള സ്റ്റേഷനുകളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും കൂടാതെ 23 ബോട്ടുകളും വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ അനുവദിക്കേണ്ടതായ 20 ബോട്ടുകൾ MHA യിൽ നിന്നും ലഭിക്കുന്ന മുറക്ക് നിലവിലുള്ള തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ